**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5236 26/03/2018-ൽ മറുപടിയ്ക്ക്

**എയ്ഡഡ് സ്കൂളുകൾക്ക് ചാലഞ്ച് ഫണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | എയ്ഡഡ് സ്കൂളുകൾക്ക് ചാലഞ്ച് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

ബാലസമിതി

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

---

ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(അച്ചടി) നം. 30/2018/ധന. തിരുവനന്തപുരം,തീയതി : 01.03.2018

---

പരാമർശം : 1. 2017-18 ലെ ബഡ്ജറ്റ് പ്രസംഗം

2. സ.ഉ.(അ) നം. 109/2017/ധന. തീയതി 18.08.2017

**<u>ഉത്തരവ്</u>**

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 45 പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ചലഞ്ച് ഫണ്ട് രൂപീകരിക്കുന്നതായും ആയതിലേക്കായി 50 കോടി രൂപ വകയിരുത്തുന്നതായും ബഹു.ധനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. സ്കൂൾ മാനേജ്മെന്റ്/ സ്കൂൾ സംരക്ഷണ സമിതി സമാഹരിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുകയോ പരമാവധി 1 കോടി രൂപയോ ഇതിലേക്കായി സർക്കാർ നൽകുമെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ചലഞ്ച് ഫണ്ട് പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. എയ്ഡഡ് മേഖലയിലെ LP, UP, HS, HSS വിഭാഗങ്ങളിൽപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അതത് മാനേജ്മെന്റുകൾ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്ക് ആനുപാതികമായിട്ടാണ് സർക്കാർ ചലഞ്ച് ഫണ്ട് അനുവദിക്കുന്നത്. മാനേജ്മെന്റ് വിഹിതവും സർക്കാർ വിഹിതവും 1 : 1 എന്ന അനുപാതത്തിൽ ആയിരിക്കും. സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും ഉൾപ്പെടെ പരമാവധി 1 കോടി രൂപ ഇപ്രകാരം ഒരു സ്കൂളിനായി സമാഹരിക്കാവുന്നതാണ്.
2. ആനുപാതികമായി നൽകുന്ന സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നോ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നോ ആയിരിക്കും നൽകുക. സ്കൂളുകൾ ശുപാർശകൾ

സമർപ്പിക്കുന്നതിന്റെ മുൻഗണനാ ക്രമത്തിൽ, ബഡ്ജറ്റ് വിഹിതത്തിൽ അധികരിക്കാതെയായിരിക്കും പ്രത്യേക ശീർഷകത്തിൽ നിന്നുള്ള ഫണ്ട് അനുവദിക്കുന്നത്. നിയമസഭാ സാമാജികർക്ക് ചലഞ്ച് ഫണ്ട് പദ്ധതിയുടെ ഭാഗമായി ആനുപാതിക സർക്കാർ വിഹിതം വഹിക്കാൻ താൽപ്പര്യമുള്ള പക്ഷം താഴെപ്പറയുന്ന പരിധികൾക്കും ആസ്തി വികസന ഫണ്ടിന്റെ മാനദണ്ഡങ്ങൾക്കും വിധേയമായി പ്രസ്തുത തുക അനുവദിക്കുന്നതായിരിക്കും.

3. വിവിധ വിഭാഗത്തിൽപ്പെട്ട സ്കൂളുകൾക്ക് ചലഞ്ച് ഫണ്ടിനായുള്ള പ്രത്യേക ശീർഷകത്തിൽ നിന്നോ അല്ലെങ്കിൽ ആസ്തി വികസന ഫണ്ടിൽ നിന്നോ ഇപ്രകാരം അനുവദിക്കുന്ന പരമാവധി സർക്കാർ വിഹിതം ചുവടെ നൽകുന്നു.

   LP – 25 ലക്ഷം, UP – 25 ലക്ഷം, LP & UP – 40 ലക്ഷം,

   LP, UP & HS – 50 ലക്ഷം, HSS – 50 ലക്ഷം.

4. ചലഞ്ച് ഫണ്ട് (സർക്കാർ വിഹിതവും മാനേജ്മെന്റ് വിഹിതവും), സമഗ്രമായി തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന പ്രവൃത്തികൾക്ക് വിനിയോഗിക്കേണ്ടതാണ്.

   i) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് / നവീകരിക്കുന്നതിന്
   ii) ലൈബ്രറി/ ലബോറട്ടറി
   iii) ഹൈടെക്/ സ്മാർട്ട് ക്ലാസ്സ് റൂമുകൾ
   iv) നിലവിലുള്ള സ്കൂൾ സ്റ്റേഡിയങ്ങളുടെ നവീകരണം
   v) ശുചിമുറി നിർമ്മാണം
   vi) പാചകപ്പുര/ ഡൈനിംഗ് ഹാൾ
   vii) കുടിവെള്ള സൗകര്യം ഒരുക്കുന്നതിന്

   *വാഹനങ്ങൾ വാങ്ങുന്നതിനോ ഭൂമി വാങ്ങുന്നതിനോ ചലഞ്ച് ഫണ്ട് വിനിയോഗിക്കരുത്.*

5. ചലഞ്ച് ഫണ്ട് പദ്ധതിയിൽ പരിഗണിക്കുന്നതിനായി സ്കൂളുകളിൽ അവശ്യം വേണ്ട വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

   ഗ്രാമീണ മേഖലയിൽ : LP – 50, UP – 50, LP & UP – 100, HS – 200, Composite Schools – 400, HSS – 200

   നഗര മേഖലയിൽ : LP – 75, UP – 100, LP & UP – 150, HS – 250, Composite Schools – 500, HSS – 200

6. തീരദേശ മേഖലയിലെയും ആദിവാസി മേഖലയിലെയും സ്കൂളുകൾ, വെൽഫെയർ സ്കൂളുകൾ, സിംഗിൾ മാനേജ്മെന്റ് സ്കൂളുകൾ എന്നിവയ്ക്കായിരിക്കും ഈ പദ്ധതിയിൽ മുൻഗണന. ഇവയിൽ സിംഗിൾ മാനേജ്മെന്റ് സ്കൂളുകൾ/ സ്റ്റാഫ് മാനേജ്മെന്റ് സ്കൂൾ എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകുന്നതായിരിക്കും.

7. ചലഞ്ച് ഫണ്ടിലേക്കായി മാനേജ്മെന്റ് വിഹിതം നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതം സ്കൂളുകൾ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കുന്നത്. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക കൂടി വിനിയോഗിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട എം.എൽ.എ.യുടെ കത്തും ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരം ശുപാർശകൾ ബന്ധപ്പെട്ട DEO/ AEO മാർ അതത് DDE മുഖാന്തിരം (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ജില്ലാ കളക്ടർമാർക്ക് കൈമാറേണ്ടതും ജില്ലാ കളക്ടർ ആയത് പരിശോധിച്ച് ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. മാനേജ്മെന്റ് വിഹിതം ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ രേഖകൾ സഹിതമാകണം ആസ്തി വികസന ഫണ്ട് വിഹിതത്തിനുള്ള ശുപാർശ ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടത്. തുടർന്ന് ജില്ലാ കളക്ടർ മുഴുവൻ തുകയ്ക്കുമുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ്. സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രത്യേക ശീർഷകത്തിൽ നിന്നാണെങ്കിൽ DEO/ AEO അത്തരം ശുപാർശകൾ DDE മുഖേന DPI യ്ക്ക് സമർപ്പിക്കുകയും DPI (HSS ആണെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ) ആയത് പരിശോധിച്ച് ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ്.

8. ചലഞ്ച് ഫണ്ടിനായുള്ള മാനേജ്മെന്റ് വിഹിതം പ്രധാനാധ്യാപകന്റെ മേൽനോട്ടത്തിലുള്ള സ്കൂളിന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. മാനേജ്മെന്റ് വിഹിതം ലഭ്യമായിട്ടുണ്ടെന്ന് DEO/ AEO സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്കായിരിക്കും സർക്കാർ വിഹിതം അനുവദിക്കുന്നത്. സർക്കാർ വിഹിതം ചലഞ്ച് ഫണ്ടിനായി തുറന്നിട്ടുള്ള ഒരു പ്രത്യേക TSB അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. TSB അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുന്നത് പ്രവർത്തന പുരോഗതി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലോ പർച്ചേസുകളാണെങ്കിൽ സാക്ഷ്യപ്പെടുത്തിയ ബില്ലുകളെ അടിസ്ഥാനമാക്കിയോ ആയിരിക്കണം. പരമാവധി തുകയിൽ അധികരിക്കാതെ, ബിൽ തുകയുടെ 50% ആയിരിക്കും സർക്കാർ വിഹിതത്തിൽ നിന്നും ഇപ്രകാരം പിൻവലിക്കാൻ അനുവദിക്കുക. പാർട്ട് ബില്ലുകൾക്കും ഇതേ രീതി

പിൻതുടരേണ്ടതാണ്. അക്രഡിറ്റഡ് ഏജൻസികൾക്ക് മുൻകൂറായി തുക അനുവദിക്കുമ്പോൾ ഇതിനായുള്ള നിലവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം പ്രസ്തുത തുക അനുവദിക്കേണ്ടത്.

9. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിന്റെ (2017-18) -ഖണ്ഡിക 43 പ്രകാരം ഉൾപ്പെട്ടിട്ടുള്ള സ്കൂളുകൾ എന്നിവ ഈ പദ്ധതി പ്രകാരം സർക്കാരിന്റെ ധനസഹായത്തിന് അർഹമല്ല

10. ഓരോ മാനേജ്മെന്റിനും ഒറ്റത്തവണ മാത്രമേ ഈ പദ്ധതി പ്രകാരം സർക്കാർ സഹായം ലഭിക്കുകയുള്ളൂ.

11. പദ്ധതിയിലുൾപ്പെട്ട് ആനുകൂല്യം ലഭിക്കുന്നതിനായി ഓരോ സ്കൂളും തങ്ങളുടെ മാസ്റ്റർപ്ലാൻ അവതരിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള രൂപരേഖ പരിശോധിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ സമിതി പ്രസ്തുത മാസ്റ്റർ പ്ലാൻ പരിശോധിച്ച് തൃപ്തികരമാണെന്ന് റിപ്പോർട്ട് ചെയ്താൽ മാത്രമേ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുകയുള്ളൂ

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിൻഹാജ് ആലം ഐ.എ.എസ്**
**സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. എല്ലാ എം.എൽ.എ. മാർക്കും
7. എല്ലാ ഭരണവകുപ്പുകൾക്കും
8. എല്ലാ വകുപ്പധ്യക്ഷൻമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
11. അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
12. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
13. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
14. എല്ലാ ട്രഷറി ഓഫീസർമാർക്കും
15. നോഡൽ ഓഫീസർ, www.finance.kerala.gov.in
16. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**